**പതിനാലാം കേരള നിയമസഭ അഞ്ചാം സമ്മേളനം -**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4500 -**

**2017 മെയ് 18 നുള്ള മറുപടിയ്ക്ക്**

## സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ

| ചോദ്യം<br>ശ്രീ. എ.എം.ആരിഫ് | ഉത്തരം<br>ഡോ.ടി.എം. തോമസ് ഐസക്<br>(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമേഖല ബാങ്കുകളിൽ നിന്നും എൽ.ഐ.സി. പോലുള്ള സ്ഥാപനങ്ങളിൽ നിന്നും ഉയർന്ന പലിശ നിരക്കിൽ ഭവന നിർമ്മാണ വായ്പ എടുത്തിട്ടുള്ള സർക്കാർ ജീവനക്കാരുടെ ഭവന വായ്പ സർക്കാർ എച്ച്.ബി.എ യിലേക്ക് മാറ്റുന്നതിന് ഉത്തരവുണ്ടോ; | (എ) 12/11/2009 തീയതിയിലെ സ.ഉ.(അച്ചടി)നം.505/2009/ധന പ്രകാരം സർക്കാർ ജീവനക്കാർ ബാങ്കിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ എടുത്ത ഭവന വായ്പ സർക്കാരിന്റെ ഭവന നിർമ്മാണ വായ്പയിലേക്ക് മാറ്റുന്നതിന് നിലവിൽ ഉത്തരവ് ഇല്ല. ടി ഉത്തരവിലെ രണ്ടാമത്തെ ഖണ്ഡികയിലെ ഏഴാമത്തെ വ്യവസ്ഥ, ബാങ്കുകളിൽ നിന്നുള്ള വായ്പ ഏറ്റെടുക്കുകയില്ല എന്നതാണ്. 2002-ൽ നിർത്തലാക്കിയിരുന്ന ഭവന നിർമ്മാണ വായ്പാ പദ്ധതി 12/11/2009-ലെ സ.ഉ.(അച്ചടി)നം.505/2009/ധന പ്രകാരം പുന:സ്ഥാപിച്ച. അപേക്ഷകന്റെയോ/അപേക്ഷകയുടേയോ, ഭാര്യയുടേയോ/ഭർത്താവിന്റെയോ,പ്രായപൂർത്തിയാകാത്ത മക്കളുടെ പേരിലോ ഭവനം ഇല്ല എന്ന പ്രസ്താവനയുടെ അടിസ്ഥാനത്തിലും ആധാരമുൾപ്പെടെയുള്ള രേഖകളുടെ അടിസ്ഥാനത്തിലുമാണ് വായ്പ അനുവദിക്കുന്നത്. |
| (ബി) ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ബി) സർക്കാർ ജീവനക്കാർ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള ഉയർന്ന പലിശ നിരക്കിലുള്ള ഭവന വായ്പ എച്ച്.ബി.എ യിലേക്ക് മാറ്റുന്നത് പരിഗണനയിൽ ഇല്ല എന്നറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ